**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2434 05.02.2018-ൽ മറുപടിക്ക്**

**വൈദ്യുതി വിതരണ സംവിധാനം**

| | ചോദ്യം<br>ശ്രീ. പി.ടി. തോമസ്<br>„ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>„ വി.പി.സജീന്ദ്രൻ<br>„ വി.എസ്.ശിവകുമാർ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക രിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിനും വിതരണ നഷ്ടം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഒരു വിപുലമായ പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. വോൾട്ടേജ് വർദ്ധനവ്, സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമുകൾ നിലവിലുണ്ട്. പഴക്കം ചെന്ന ലൈനുകൾ മാറ്റിവലിക്കുക, കമ്പികൾ മാറ്റുക, പറമ്പുകളിലൂടെയുള്ള ലൈനുകൾ ആവശ്യമുള്ള പക്ഷം റോഡുകളിലേക്ക് മാറ്റുക തുടങ്ങിയ ജോലികളും ഏറ്റെടുത്തു വരുന്നു. കേന്ദ്രാവിഷ്കൃത ഡി ഡി യു. ജി ജെ. വൈ (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന), ഐ.പി.ഡി.എസ് (സംയോജിത ഊർജ്ജ വികസന പദ്ധതി) എന്നീ വൈദ്യുത വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഇതിനായി ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം, ദീൻദയാൽ ഉപാധ്യായ ഗ്രാം യോജന എന്നീ കേന്ദ്ര പദ്ധതികളിൽ നിന്നും ധനസഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഐ.പി.ഡി.എസ് പദ്ധതിക്ക് അനുവദിച്ച തുക 592.07 കോടി രൂപയാണ്. ഇതിൽ 60% (355.42 കോടി രൂപ) കേന്ദ്ര സർക്കാർ ഗ്രാന്റ് ആണ്. ആയതിൽ 107.41 കോടി രൂപ 2 ഗഡുക്കളായി ഇതുവരെ ലഭിച്ചിട്ടുണ്ട്.<br>ഡി.ഡി.യു.ജി.ജെ.വൈ പദ്ധതിയ്ക്കായി അനുവദിച്ച തുക 482.96 കോടി രൂപയാണ്. ഇതിൽ 60% തുക (289.776 കോടി രൂപ) കേന്ദ്ര സർക്കാർ ഗ്രാന്റ് ആണ്. ആയതിൽ 86.93 കോടി രൂപ 2 ഗഡുക്കളായി ഇതുവരെ ലഭിച്ചിട്ടുണ്ട്.<br>2 പദ്ധതികളുടെയും ബാക്കി ഗ്രാന്റ് തുക പദ്ധതി പുരോഗതി അനുസരിച്ച് ലഭിക്കുന്നതാണ്. |
| (സി) | ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ടോ; രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ? | (സി) | രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാം ഘട്ടം 2020 -ഓടു കൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു 14 പാക്കേജുകളിലായി വിന്യസിച്ചിട്ടുള്ള ഒന്നാം ഘട്ടത്തിലെ വർക്കുകളിൽ ഒരെണ്ണം പണി പൂർത്തിയായിട്ടുണ്ട്. രണ്ടു പാക്കേജുകൾ പണി പുരോഗമിക്കുന്ന ഘട്ടത്തിലും മറ്റു രണ്ടു പാക്കേജുകൾ വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിലുമാണ്.<br>രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന വർക്കുകൾ ഒന്നാം ഘട്ട വർക്കുകളുടെ പൂർത്തീകരണത്തോടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

Kemalillo

**സെക്ഷൻ ഓഫീസർ**